**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6786** **11-07-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ ഒരു ഓഫീസിലെ ഒരു സീറ്റിൽ മൂന്നു വർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാരനെ നിർബന്ധമായും ആ ഓഫീസിലെ മറ്റൊരു സീറ്റിലേയ്ക്കും, ഒരു ഓഫീസിൽ അഞ്ചുവർഷം പൂർത്തിയായ ജീവനക്കാരനെ നിർബന്ധമായും മറ്റൊരു ഓഫിസിലേയ്ക്കും മാറ്റിനിയമിക്കണമെന്ന സർക്കാർ ഉത്തരവ് ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസിലും ജില്ലാ കളക്ടറേറ്റുകളിലും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) | ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും ജില്ലാ കളക്ടറേറ്റുകളിലും മേൽ ഉത്തരവ് നടപ്പിലാക്കി വരുന്നു. |
| (ബി) | 30.07.2021 ലെ സ.ഉ.(സാധാ) നം. 2485/2021/ റവ. ഉത്തരവിലെ മാനദണ്ഡങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ നിശ്ചിത കാലാവധി പൂർത്തിയാക്കിയ ജീവനക്കാരെ മാറ്റി നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എത്ര ജീവനക്കാർക്ക് പ്രസ്തുത വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടുണ്ടെന്ന് ഓഫീസ് തിരിച്ച് അറിയിക്കുമോ; | (ബി) | 30.07.2021 ലെ സ.ഉ.(സാധാ) നം.2485/2021/റവ ഉത്തരവ്, ഒ.എ.1258/2021 ലെ 05.08.2021 ലെ ഇടക്കാല ഉത്തരവിലൂടെ 2023 മെയ് മാസം വരെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരുന്നു. പ്രസ്തുത ഉത്തരവ് പിന്നീട് 05.06.2023 തീയതിയിൽ ഒ.എ.1258/2021 നമ്പർ കേസ് ഡിസ്മിസ്സ് ചെയ്തതിലൂടെയാണ് വീണ്ടും നിലവിൽ വന്നത്. 2023 ലെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കിയപ്പോൾ ജില്ലാ കളക്ടറേറ്റുകളിലെ സീറ്റ് മാറ്റവും ഓഫീസ് മാറ്റവും ഭാഗീകമായി നടപ്പിലാക്കിയിട്ടുണ്ട്. 2024 ലെ പൊതുസ്ഥലം മാറ്റം പൂർണ്ണമായും സ.ഉ.(സാധാ)നം.2485/2021/റവ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.<br><br>ഇടുക്കി ജില്ലയിലെ ഭൂമി പതിവ്, ഭൂമി കൈയ്യേറ്റം തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്തുവരുന്ന ജീവനക്കാരെയും മലപ്പുറം ജില്ലയിലെ പട്ടയമേള, തിരുവനന്തപുരം ജില്ലയിലെ ഭൂമി ഏറ്റെടുക്കൽ എന്നിവ കൈകാര്യം ചെയ്യുന്ന ജീവനക്കാരെയും നിലവിൽ ഈ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | റവന്യൂ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളും വ്യവസ്ഥകളും നിർണ്ണയിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | റവന്യൂ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളും വ്യവസ്ഥകളും നിർണ്ണയിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം പൊതു സ്ഥലംമാറ്റം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ